# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5853** **04.11.2016 ൽ മറുപടിക്ക്**

**പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ വിഭാഗത്തിന്റെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീമതി.ഗീതാഗോപി<br>ശ്രീ.വി.ആർ.സുനിൽകുമാർ<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) പൊതുമരാമത്ത് വകുപ്പ് വൈദ്യുതി വിഭാഗത്തിന് കീഴിൽ മൂന്ന് ഡിവിഷനുകളും 34 സെക്ഷനുകളും ഉണ്ട്. ഈ സെക്ഷനുകളിലൂടെയാണ് പ്രവൃത്തികൾ നടന്നുവരുന്നത്. ഇലക്ട്രിക്കൽ സബ് ഡിവിഷനുകൾ അതാത് ജില്ലയുടെ കെട്ടിട വിഭാഗം ഡിവിഷന്റെ കീഴിലാണ് പ്രവർത്തിച്ചു വരുന്നത്. പൊതുമരാമത്ത് വകുപ്പ് കൃത്യമായ ഇടവേളകളിൽ പ്രവൃത്തികൾ വിശകലനം ചെയ്യാറുണ്ട്. |
| (ബി) ഓഫീസുകളിലും മറ്റും ഇലക്ട്രിക് വയറിംഗ് നടത്തുമ്പോൾ എല്ലാ കണക്ഷനുകൾക്കും മെയിൻ കണക്ഷനിൽ നിന്നുമാത്രം വയർ വലിക്കുന്നത് ആവശ്യമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഷോർട്ട് സർക്യൂട്ട് മൂലമുണ്ടാകുന്ന തീപ്പിടിത്തം തടയുന്നതിന് വീടുകളിൽ വയറിംഗ് ചെയ്യുന്നതുപോലെ ലൂപ്പിംഗ് നടത്തുന്നതിന്റെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; | (ബി) ഓഫീസ് സമുച്ചയത്തിന്റെ വയറിംഗ് നടത്തുമ്പോൾ ഒന്നിൽ കൂടുതൽ സർവ്വീസ് കണക്ഷൻ ആവശ്യമായി വരുന്ന സന്ദർഭങ്ങൾ ഉണ്ടാവാറുണ്ട്. ഒരു പ്രധാന മീറ്ററിംഗ് പാനലിൽ നിന്നാണ് വിവിധ കണക്ഷനുകൾ നൽകി വരുന്നത്. ഇപ്രകാരം ചെയ്യുന്നത് കെട്ടിടത്തിന്റെ വൈദ്യുതി സംരക്ഷിക്കുന്നതിനും, കെട്ടിടത്തിൽ നിന്നും അനധികൃതമായി വൈദ്യുതി എടുക്കുന്നത് തടയുന്നതിനും അത്യന്താപേക്ഷിതമാണ്. പൊതുമരാമത്ത് വകുപ്പ് വയറിംഗ് ചെയ്യുന്നത് ഐ.എസ്.732 പ്രകാരമാണ്. ഇതനുസരിച്ചാണ് neutral loop back ചെയ്യുന്നത്. |

| | |
|---|---|
| (സി) ഇലക്ട്രിക്ക് ജോലികൾക്ക് നിലവാരം കുറഞ്ഞ സാധന സാമഗ്രികൾ ഉപയോഗിക്കുകയും, അവയ്ക്ക് ഉയർന്ന വില ഈടാക്കുകയും ചെയ്യുന്ന പ്രവണത പരിശോധിച്ചിട്ടുണ്ടോ; | (സി) ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് ഉപയോഗിച്ച് വരുന്ന സാധന സാമഗ്രികൾ വിവിധ ഐ.എസ്. നിലവാരമുള്ള വിവിധ ബ്രാൻഡുകളിൽ നിന്നും പൊതുമരാമത്ത് വകുപ്പ് അംഗീകരിച്ചിട്ടുള്ള പട്ടികയിൽ നിന്നാണ് ഉപയോഗിച്ചു വരുന്നത്. വൈദ്യുത സാമഗ്രികളുടെ ഗുണ നിലവാരം ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് രണ്ട് കൊല്ലത്തിലൊരിക്കൽ പുതുക്കി നൽകാറുണ്ട്. പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ ഉപയോഗിക്കുന്ന SoR/DSR എന്നിവയിലൂടെയാണ് സാധനങ്ങളുടെ വില നിശ്ചയിക്കുന്നത്. അതുകൊണ്ടു തന്നെ അധിക വില ഈടാക്കുവാനുള്ള സാധ്യതയില്ല. മത്സര സ്വഭാവമുള്ള ടെണ്ടറുകൾ നൽകുന്നതിനാൽ വളരെ മിതമായ നിരക്കിലാണ് പ്രവൃത്തികൾ നടന്നുവരുന്നത്. |
| (ഡി) പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കുമോ? | (ഡി) ഇലക്ട്രിക്കൽ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതുൾപ്പെടെ പൊതുമരാമത്ത് വകുപ്പ് ശാക്തീകരണത്തിനായി വിശദമായ പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം തയ്യാറാക്കിവരുന്നു. ആയത് ലഭിക്കുന്ന മുറയ്ക്ക് വിശദമായി പരിശോധന നടത്തി പി.ഡബ്ല്യൂ.ഡി. യുടെ ഇലക്ട്രിക്കൽ വിഭാഗത്തിന്റേതുൾപ്പെടെയുള്ള പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതാണ്. |

Omadevi

**സെക്ഷൻ ഓഫീസർ**